# ജെറിയാട്രിക് കെയർ- വയോജന പരിചരണത്തിലെ പത്തനംതിട്ട മാതൃക

വയോജനങ്ങൾക്ക് താങ്ങും തണലുമാകാനായി ഒരു സംഘത്തെ സൃഷ്ടിക്കുകയും അവരുടെ സേവനങ്ങൾ ഏകുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ പത്തനംതിട്ട ജില്ലാ മിഷൻ തുടക്കമിട്ട ജെറിയാട്രിക് കെയർ, വയോജന പരിചരണ പരിപാടി ഇന്ന് സംസ്ഥാനത്തിനാകെ മാതൃകയായി തീർന്നിരിക്കുന്നു.

## എന്തുകൊണ്ട് ഈ സേവനം, ആശയത്തിലേക്ക് എത്തിയ വഴി

യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കൻ ഐക്യനാടുകളിലുമായി ജീവിത മാർഗ്ഗം കണ്ടെത്തിയ പ്രവാസികൾ ഏറെയുള്ള ജില്ലയാണ് പത്തനംതിട്ട. പ്രത്യേകിച്ചും തിരുവല്ല, കുമ്പനാട് മേഖലകൾ. പ്രതിശീർഷ ബാങ്ക് നിക്ഷേപം രാജ്യത്ത് ഏറ്റവും കൂടുതലുള്ള മേഖലകളുമാണ് ഇവ. ഇന്ത്യയിലെ മിക്ക ബാങ്കുകളുടെയും 32 ബ്രാഞ്ചുകളാണ് ഈ പ്രദേശങ്ങളിലുള്ളതും. സാമ്പത്തികപരമായി ഈ മേഖലകൾ ഏറെ കരുത്തോടെ നിൽക്കുന്നുവെങ്കിലും ഇതിന് മറ്റൊരു വശം കൂടിയുണ്ട്. ഉന്നത വിദ്യാഭ്യാസം നേടി യുവാക്കളും യുവതികളും പ്രവാസികളായി തീർന്ന് ഇവിടം വിട്ടുപോകുമ്പോൾ പലപ്പോഴും അവരുടെ മാതാപിതാക്കൾ ഇവിടെ ഒറ്റപ്പെട്ടു പോകുന്ന അവസ്ഥ. വലിയൊരു വീടും ആ വീട്ടിൽ മാതാപിതാക്കളും മാത്രം. ഇങ്ങനെയൊരു അവസ്ഥയിലൂടെ ജില്ലയിലെ വയോജനങ്ങൾ പലരും കടന്നുപോകുന്നത് കണ്ടറിഞ്ഞ് പത്തനംതിട്ട ജില്ലാ ഭരണകൂടത്തിന്റെ സഹകരണത്തോടെ ജില്ലാ മിഷൻ തുടക്കമിട്ട പദ്ധതിയാണ് പ്രവാസി മിത്രം. ആ പ്രവാസി മിത്രം പരിപാടിയുടെ ഒരു ഭാഗമായിരുന്നു ജെറിയാട്രിക് കെയർ അല്ലെങ്കിൽ വയോജന പരിചരണ പരിപാടി.

## എന്താണ് ജെറിയാട്രിക് കെയർ

60 വയസിന് മുകളിൽ പ്രായമുള്ളവരെയാണ് വയോജനങ്ങളായി പരിഗണിക്കുന്നത്. ഇവർക്ക് പലപ്പോഴും പലകാര്യങ്ങൾക്കും അന്യരുടെ സഹായം തേടേണ്ടി വരും. ആരോഗ്യവാന്മാരായ വയോജനങ്ങൾക്ക് പോലും ദൈനംദിന ജീവിതത്തിൽ ഈ അവസ്ഥയിലൂടെ കടന്ന് പോകേണ്ടി വരുന്നു. മക്കളോ കൊച്ചുമക്കളോ അടുത്ത ബന്ധുക്കളോ സഹായത്തിനില്ലാത്ത വയോജനങ്ങൾക്ക് ഒരു കൈ സഹായത്തിന് ഒരാൾ. അങ്ങനെയൊരാളെയാണ് കുടുംബശ്രീ ജെറിയാട്രിക് കെയർ സേവന ദാതാക്കളായി നൽകുന്നത്. ആവശ്യത്തിന് പണവും കാറും മറ്റു സൗകര്യങ്ങളുമുണ്ടെങ്കിലും ഈ വയോജനങ്ങൾക്ക് ആശുപത്രി വരെയൊന്ന് പോകാനോ ഒരു ബിൽ അടയ്ക്കാനോ സ്വന്തമായി കഴിയാത്ത അവസ്ഥ. ചിലർക്ക് യഥാസമയം ഭക്ഷണം പോലും പാകം ചെയ്ത് കഴിക്കാനാകാതെ വരുന്നു. ഇതിന് വേണ്ടി പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് വേണ്ടി വരുന്ന എല്ലാ സേവനങ്ങളും നൽകുകയെന്ന ലക്ഷ്യത്തോടെ

പ്രവാസി മിത്രം പദ്ധതി പത്തനംതിട്ട ജില്ലാ മിഷൻ 2015 സെപ്റ്റംബറിൽ ജില്ലാ ഭരണകൂടവുമായി സഹകരിച്ച് തുടക്കമിട്ടു. പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ് മന്ത്രിയായിരുന്ന എം.കെ. മുനീർ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രവാസി മിത്രം പദ്ധതിയിൽ ജെറിയാട്രിക് കെയർ കൂടാതെ കോൾ സെന്റർ, സേവന ദാതാക്കൾ, ഇവന്റ് മാനേജ്മെന്റ് എന്നിവയും ഉൾപ്പെടുത്തിയിരുന്നു. 20 ലക്ഷം രൂപ ഇന്നൊവേഷൻ ഫണ്ടും പ്രവാസി മിത്രം പദ്ധതിക്കായി കുടുംബശ്രീ നൽകിയിരുന്നു.

1. കോൾ സെന്റർ

ആവശ്യമുള്ള സേവനങ്ങൾ കോൾ സെന്ററിൽ വിളിച്ച് ബുക്ക് ചെയ്യാം.

2. ഇവന്റ് മാനേജ്മെന്റ്

ബെർത്ത്ഡേ, കല്യാണം, ഗെറ്റ് ടുഗദർ തുടങ്ങിയ ചടങ്ങുകൾ പ്രവാസികൾക്ക് മറ്റാരുടെയും സഹായമില്ലാതെ കോൾ സെന്ററിൽ വിളിച്ച് ബുക്ക് ചെയ്താൽ നടത്തിക്കൊടുക്കുന്ന ഒരു സംഘമാണ് ഇത്. തിരുവല്ല ആസ്ഥാനമാക്കിയാണ് പ്രവർത്തനം. ഇത് കൂടാതെ അച്ഛനും അമ്മയും മാത്രമുള്ള ഒരു വീട്ടിൽ അടിയന്തരമായി ഒരു മരണമോ മറ്റോ സംഭവിച്ചാൽ പുറംനാടുകളിലുള്ള മക്കൾക്ക് ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിനെ ബന്ധപ്പെട്ട് അവിടെ വേണ്ട ക്രമീകരണങ്ങളെല്ലാം നടത്താൻ ബുക്ക് ചെയ്യാം. വീടുകളിൽ കാറുണ്ടെങ്കിലും പ്രവാസികൾ നാട്ടിലേക്ക് വരുമ്പോൾ മറ്റ് വാഹന സൗകര്യം തേടേണ്ടി വരും. അതിനൊരു പരിഹാരമായി ഡ്രൈവറുടെ സേവനവും ഈ ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പ് വഴി ക്രമീകരിക്കും.

3. സേവന ദാതാക്കൾ

പ്രായമായ മാതാപിതാക്കൾ തനിയെ താമസിക്കുന്ന വീടും പരിസരവും പലപ്പോഴും വൃത്തിഹീനമായിരിക്കും. വീട്ടിനുള്ളിലെ ഒന്നോ രണ്ടോ മുറികൾ മാത്രം വൃത്തിയായി സൂക്ഷിക്കാനേ അവർക്ക് കഴിയൂ. ഈ പ്രശ്നത്തിന് പരിഹാരമായാണ് സേവന ദാതാക്കളെ കുടുംബശ്രീ കണ്ടത്. ഒരു നിശ്ചിത തുകയ്ക്ക് വീടും പരിസരവും വൃത്തിയാക്കി നൽകും. അതിന് വേണ്ട വാഷിങ് മെഷീൻ അടക്കമുള്ള സാമഗ്രികൾ സേവന ദാതാക്കൾ തന്നെ കൊണ്ടുവരും. കൂടാതെ ബില്ലുകളെല്ലാം അടച്ചു നൽകും. വീട്ടിലെ വണ്ടികൾ യഥാസമയം സർവ്വീസിന് കൊണ്ടുപോകുക, കേടുകളുണ്ടെങ്കിൽ മെക്കാനിക്കിന്റെ സേവനം ഏർപ്പെടുത്തുക തുടങ്ങിയവയെല്ലാം ഈ സംഘം ചെയ്യും.

## <u>പ്രാരംഭ പ്രവർത്തനങ്ങൾ</u>

ജെറിയാട്രിക് സേവന ദാതാക്കളായി പ്രവർത്തിക്കാൻ താത്പര്യമുള്ളവരെ അയൽക്കൂട്ടങ്ങൾ വഴി കണ്ടെത്തുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തു. 15 പേർക്കാണ് ഇത്തരത്തിൽ പരിശീലനം നൽകിയത്.

**<u>നിലവിലെ പ്രവർത്തനം</u>**

പ്രവാസി മിത്രത്തിലെ ജെറിയാട്രിക് കെയർ മാത്രമായി ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് കാക്കും കരങ്ങൾ എന്ന പേരിൽ കുടുംബശ്രീ ഇപ്പോൾ മുന്നോട്ട് കൊണ്ടുപോകുന്നു. 13 പേരോളം ഇത്തരത്തിൽ പ്രവർത്തിച്ചു വരുന്നു. കുടുംബശ്രീ ഓഫീസിൽ ബന്ധപ്പെട്ട് ഇവരുടെ സേവനം തേടാം. ആവശ്യക്കാരുടെ സമീപ പ്രദേശത്തുള്ള സേവന ദാതാക്കളെയാകും കുടുംബശ്രീ ഈ ദൗത്യത്തിനായി വിടുന്നത്. കുടുംബശ്രീ ഓഫീസ് വഴിയാണ് പ്രതിഫലം നൽകേണ്ടത്.

**കുടുംബശ്രീ വഴി പദ്ധതിയുടെ ഭാഗമായി വയോജന പരിചരണ സേവന ദാതാക്കളായി പ്രവർത്തിക്കാൻ മുന്നോട്ടു വന്നവർക്ക് നിശ്ചിത മാസശമ്പളം ഇങ്ങനെ...**

| **സേവന രീതി** | **പ്രതിഫലം (മാസം)** |
|---|---|
| പകൽ മാത്രം പരിചരണം (പകൽ വീട്ടിലെത്തും രോഗിയുടെ പരിചരണം മാത്രം ചെയ്ത ശേഷം തിരികെ പോകും) | 5000 രൂപ |
| പകൽ പരിചരണം (പകൽ വീട്ടിലെത്തും വൈകുന്നേരം വരെ പരിചരണം, ആവശ്യമെങ്കിൽ രോഗിക്ക് ഭക്ഷണവും പാകം ചെയ്ത് നൽകും ) | 10000 രൂപ |
| പകലും രാത്രിയും പരിചരണം (എല്ലാ ദിനവും പകലും രാത്രിയും ഉൾപ്പെടെ രോഗിയുടെ എല്ലാ പരിചരണവും, ഭക്ഷണവും പാകം ചെയ്യും ) | 15000 രൂപ |
| പ്രസവാനന്തര ശുശ്രൂഷ (30 ദിവസം പൂർണ്ണ പ്രസവാനന്തര സേവനം) | 25000 രൂപ |

**<u>ഭാവി പ്രവർത്തനങ്ങൾ</u>**

കുടുംബശ്രീയുടെസേവന ദാതാക്കൾക്ക് കൗൺസിലിങ് പരിശീലനം കൂടി നൽകുകയെന്ന ഭാവി പ്രവർത്തനമാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. പ്രശ്നമുള്ള കുടുംബങ്ങളിലെത്തി അംഗങ്ങൾക്ക് കൗൺസിലിങ് സേവനം നൽകും. പ്രവാസികൾ ഏറെയുള്ള സംസ്ഥാനമായ കേരളത്തിൽ പത്തനംതിട്ട ജില്ല മുന്നോട്ടു വച്ച ഈ ആശയം മികച്ച രീതിയിൽ പ്രാവർത്തികമാക്കിയാൽ അത് വിപ്ലവകരമായ മാറ്റങ്ങൾ സാമൂഹ്യാവസ്ഥയിൽ സൃഷ്ടിക്കും. സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ ജെറിയാട്രിക് കെയർ സേവനം വ്യാപിപ്പിക്കാൻ കുടുംബശ്രീ സംസ്ഥാന മിഷൻ തീരുമാനമെടുത്തു കഴിഞ്ഞു. അതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലും ഈ സേവനം കൂടുതൽ മെച്ചപ്പെടുത്തും.